കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുത്തൻചിറ ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)-1644/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ : 0487-2331249
ഇ-മെയിൽ : dotsr.ksad@kerala.gov.in
തീയതി: 10/01/19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
പുത്തൻചിറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുത്തൻചിറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-9, 2-10 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-6, 3-14, 3-16 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)-1644/2018 തിയ്യതി: 10/01/19

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 13.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുനിൽകുമാർ.കെ.വി., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.2018 മുതൽ 29.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലിസി.ടി.ജെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ഷീന.കെ.ടി | ഓഡിറ്റ് ഓഫീസർ |
| | സിജു.പി.ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| | സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | സോന.കെ.സത്യൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.വി.സുജിത് ലാൽ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | സി.എം.പ്രേമാനന്ദ് | 01.04.2017 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ഹസീബ് അലി.പി.എം | 01.04.2017 മുതൽ 08.6.2017 വരെ |
| | | 09.06.17 മുതൽ 16.06.17 വരെ ഒഴിവ് |
| | വിൽഫ്രഡ് ക്രോണിൻ | 17.6.2017 മുതൽ |

| | | |
|---|---|---|
| | | 31.3.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ആര്യ.വി.ബി | 01.04.2017 മുതൽ 23.10.2017 വരെ |
| | ബബിത.കെ. | 23.10.2017 മുതൽ 31.3.2018 വരെ |
| കൃഷി ഓഫീസർ | രാധിക.കെ.വി | 01.04.2017 മുതൽ 12.10.2017 വരെ |
| | റിങ്കു.പി | 12.10.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (മാണിയംകാവ് സർക്കിൾ) | ഷിഫാന.പി.എസ് | 01.04.2017 മുതൽ 30.06.17 വരെ |
| | ഒഴിവ് | 01.07.17 മുതൽ 09.07.17 വരെ |
| | മറിയാമ്മ ആന്റണി | 10.7.2017 മുതൽ 31.3.2018 വരെ |
| വി.ഇ.ഒ (പുത്തൻചിറ സൗത്ത് സർക്കിൾ) | കണ്ണൻ.പി.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സെയ്ൻ.കെ.ജി | 01.04.2017 മുതൽ 31.07.2017 വരെ |
| | ഡോ.സിജി.ടി.എസ്. | 1.8.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) | ഡോ.ബിനി.വി.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സോണിയ.ഇ.എ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ആൻ മേരി. സി.ക്ളീറ്റസ് | 01.04.2017 മുതൽ 31.12.2017 വരെ |
| | ഡോ.അരുൺ.എ.വിക്ടർ | 31.12.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | നീര.പി.ജി | 01.04.2017 മുതൽ 20.10.2017 FN വരെ |
| | ശിഖ മാർവിൻ | 20.10.2017 AN മുതൽ 31.03.2018 വരെ |
| എച്ച്.എം., ജി.യു.പി.എസ്. | ശശികുമാർ.ടി.എം | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | നിഷ | 01.04.2017 മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |

| | | |
|---|---|---|
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം – 2 | | |
| 13 | 2-1 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ |
| 14 | 2-2 | ക്യാൻസൽഡ് രസീതികൾ ലഭ്യമാകുന്നില്ല |
| 15 | 2-3 | ടെണ്ടർ ഫോം വില - കുറവ് തുക ഈടാക്കി |
| 16 | 2-4 | കുളം ലേലം- കരാർ ലഭ്യമാക്കിയില്ല |
| 17 | 2-5 | തൊഴിൽ നികുതി – പൊതു നിരീക്ഷണങ്ങൾ |
| 18 | 2-6 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് |
| 19 | 2-7 | ലൈവ് സ്റ്റോക്ക് ഫാമുകളുടെ പ്രവർത്തനം |
| 20 | 2-8 | നിലം നികത്ത് ഭൂമിയിൽ നിർമ്മാണാനുമതി |
| 21 | 2-9 | അനധികൃത നിർമ്മാണം - തുടർ നടപടികൾ സ്വീകരിച്ചില്ല |
| 22 | 2-10 | നിർമ്മാണം ക്രമവത്കരിച്ച് വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത |
| 23 | 2-11 | അനധികൃത കെട്ടിടങ്ങൾ 'സഞ്ചയ'സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 24 | 2-12 | സാംഖ്യ സഞ്ചയ സംയോജനം - അവലോകനം |
| ഭാഗം – 3 | | |
| 25 | 3-1 | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല.-മോണിറ്ററിംഗ് നടത്തുന്നില്ല |
| 26 | 3-2 | ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ |
| 27 | 3-3 | കൈപ്പറ്റ് രസീത്, വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 28 | 3-4 | വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല.-മോണിറ്ററിംഗ് നടത്തുന്നില്ല |
| 29 | 3-5 | വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ |
| 30 | 3-6 | പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ കാലതാമസം |
| 31 | 3-7 | മാപ്പിങ്ങ് പുരോഗതി സംബന്ധിച്ച് |
| 32 | 3-8 | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല.-മോണിറ്ററിംഗ് നടത്തുന്നില്ല |
| 33 | 3-9 | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ |
| 34 | 3-10 | ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല.-മോണിറ്ററിംഗ് നടത്തുന്നില്ല |
| 35 | 3-11 | ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ |

| | | |
|---|---|---|
| 36 | 3-12 | ഹെഡ്മാസ്റ്റർ നിർവഹണോദ്യഗസ്ഥനായ മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം-പ്ളാസ്റ്റിക് കസേര വാങ്ങിയത് മാർഗരേഖാ വിരുദ്ധം |
| 37 | 3-13 | ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ മരുന്നിന് നൽകിയ പദ്ധതി അടങ്കൽ തുകയിൽനിന്നും ഫ്രൈറ്റ് ചാർജ് ഈടാക്കുന്നു |
| 38 | 3-14 | പാലിയേറ്റീവ് പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ കാരുണ്യാ ഫാർമസിയിൽ നിന്നും മരുന്ന് സമയത്ത് ലഭ്യമാകാത്തത് -തുടർനടപടികൾ കൈക്കൊള്ളുന്നതിൽ കാലതാമസം |
| 39 | 3-15 | പഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്നില്ല |
| 40 | 3-16 | ജലനിധി-വാട്ടർ കുടിശ്ശിക -പഞ്ചായത്തിന് ബാദ്ധ്യത ആകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് |
| 41 | 3-17 | ശുചിത്വ മിഷനിൽ നിന്നും ലഭ്യമായ തുകകൾ വിനിയോഗിച്ചിട്ടില്ല |
| 42 | 3-18 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ - കുറവ് നിരക്കിലുള്ള ടെണ്ടർ പരിഗണിച്ചില്ല |
| ഭാഗം – 4 | | |
| 43 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 44 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 45 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 46 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 47 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 48 | 4-6 | ഓഡിറ്റ് റിക്കവറി |
| 49 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 50 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 51 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 52 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 53 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 54 | അനുബന്ധം 2 | ഓഡിറ്റ് സംക്ഷിപ്തം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.3.2017 തീയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 27.3.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരം മുന്നിരിപ്പ് –6447364
വരവ് – 95104100
ചെലവ് – 94019587
നീക്കിയിരിപ്പ് – 7531877

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 19.5.2018 | | 21.5.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 20.6.2018 & 21.6.2018 | കെ.എസ്.എ.ടി.എസ്.ആർ. (ഇ)3-1150/18(53)/13.7.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13127879.00 |
| വരവ് | 60632050 |
| ആകെ | 73759929 |
| ചെലവ് | 61127137 |
| നീക്കിയിരിപ്പ് | 12632792.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 10991000 | 10991000 | 8182089 | 2808911 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 6537006 | 6537006 | 5807449 | 729557 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 14994 | 14994 | 0 | 14994 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 14218000 | 14218000 | 12908959 | 1309041 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 922738 | 1668262 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5083748 | 5083748 | 2926883 | 2156865 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) സ്റ്റേറ്റ് | | 685056 | 0 | 685056 | 636794 | 48262 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) സെൻട്രൽ | | 283813 | 0 | 283813 | 283813 | 0 |
| സാക്ഷരത | | 5287 | 127141 | 132428 | 126900 | 5528 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 7535016 | 7535016 | 7535016 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6214 | 723747 | 729961 | 723887 | 6074 |
| | Material cost | 0 | 1185118 | 1185118 | 1185118 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ICDS | | 537711 | 537588 | 1075299 | 152075 | 923224 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) TSC | | 84000 | 156000 | 240000 | - | 240000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (വരൾച്ചാ ദുരിതാശ്വാസം) | | 53188 | 2421 | 55609 | - | 55609 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ജലനിധി) | | 6240625 | 17968497 | | 21188171 | 3020951 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 39398 | 1350000 | 1389398 | 11789429 | 209969 |
| | ജില്ലാ പഞ്ചായത്ത് | 0 | 656250 | 656250 | 136850 | 519400 |
| ബി ഫണ്ട് | | 0 | 10323020 | 10323020 | 10323020 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4688738 | 8253108 | 12941846 | 6076469 | 6865377 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1601408 | | | | 1995129 |
| | ട്രഷറി അക്കൗണ്ട് | | | | | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 66917760 | 60 | 35767935 | 50 | 56 | 58.43 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6214 | 723747 | 729961 | 723887 | 6074 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 7535016 | 7535016 | 7535016 | 0 |
| Material cost | 0 | 1185118 | 1185118 | 1185118 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48120 | 82 |
| കർഷകതൊഴിലാളി പെൻഷൻ | 1849800 | 575 |
| വിധവാ പെൻഷൻ | 2577900 | 792 |
| വാർദ്ധക്യകാല പെൻഷൻ | 4343100 | 1264 |
| വികലാംഗ പെൻഷൻ | 742800 | 229 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിത പെൻഷൻ | 135300 | 41 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 450000 | 15 |

| | | |
|---|---|---|
| മിശ്ര വിവാഹ ധനസഹായം | 50000 | 1 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.9.2018-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6739/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം (ബി))

1. പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 33(2), (3)). എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റുകൾ പ്രകാരമുള്ള വാങ്ങലുകളിൽ സെക്യൂരിറ്റി നിക്ഷേപം പ്രോജക്റ്റ് ഫയലുകളിൽ തന്നെ കാണുകയുണ്ടായി.

| ക്രമ നം. | പ്രോജക്റ്റ് | കരാറിലേർപ്പെട്ട സ്ഥാപനം | സെക്യൂരിറ്റി നിക്ഷേപം (രൂപ) | സർട്ടിഫിക്കറ്റ് നമ്പർ | തീയ്യതി | ബാങ്ക് |
|---|---|---|---|---|---|---|
| 1 | 87/17-18 – പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഇൻഫർമേഷൻ കിയോസ്ക് | എക്സൽ ബിസിനസ്സ് സിസ്റ്റംസ് | 6650 | 480237 | 24/11/2017 | യൂണിയൻ ബാങ്ക്, കോഴിക്കോട് ശാഖ |
| 2 | 11/17-18- തെരുവുവിളക്ക് മെയിന്റനൻസിന് ആവശ്യമായ സാമഗ്രികൾ | എ.ബി.സി. മാർക്കറ്റിംഗ് | 10000 | 5553132 | 12/10/2017 | ഓറിയന്റൽ ബാങ്ക് ഓഫ് കോമേഴ്സ് |

2. പ്രോജക്റ്റ് നമ്പർ 180-17/18- പ്രകാരം പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ നൽകിയ Encore marketing എന്ന സ്ഥാപനം സെക്യൂരിറ്റി നിക്ഷേപം ആയി സെക്രട്ടറിയുടെ പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് (940163 തീ.13/12/2017, 1000 രൂപ) നാളിതു വരെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല. ഡിമാന്റ് ഡ്രാഫ്റ്റ് നിലവിൽ കാലാഹരണപ്പെട്ടതായി കാണുന്നു. ആയത് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 33 പ്രകാരമുള്ള നിർദ്ദേശത്തിനു വിരുദ്ധമാണ്.

മേൽ പ്രകാരം ഫയൽ ജോലികളിൽ കാണുന്ന അപാകതകൾ ഒഴിവാക്കുന്നതിന് ജോലി വിഭജന ഉത്തരവിൽ മാർഗനിർദ്ദേശങ്ങൾ നൽകേണ്ടതും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഇവയുടെ പരിപാലനം ഉറപ്പ് വരുത്തേണ്ടതുമാണ്.

3.സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ വില, സ്പെസിഫിക്കേഷൻ, വിതരണംനടത്തിയ സ്ഥാപനം, എന്നിവ രേഖപ്പെടുത്തുന്നില്ല. ഫർണിച്ചർ, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള എല്ലാ ഇനങ്ങളുടെയും ഭൗതിക പരിശോധന നടത്തി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. പിരിച്ചെടുക്കുവാനുള്ള തുക അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യുന്നുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
5. പ്രൊക്യൂർമെന്റ് പ്ലാൻ/ബജറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തിയിട്ടില്ല.

6. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നുണ്ടെങ്കിലും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. മുൻ വർഷത്തെ ബാലൻസ്ഷീറ്റിലെ നീക്കിയിരിപ്പ് ആധികാരികമാക്കി തൻവർഷം മൂല്യശോഷണം കണക്കാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്.

7. കാലാഹരണപ്പെട്ട ആസ്തികൾ ' ബൈബാക്ക്' സംവിധാനത്തിലൂടെ വില്പന നടത്തുകയും പുതിയവ വാങ്ങുകയും

ചെയ്തുവരുന്നു. എന്നാൽ വിൽക്കുമ്പോൾ ലഭിക്കുന്ന തുക വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചെങ്കിൽ മാത്രമെ സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കുവാൻ സാധിക്കുകയുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.9.2018 | ആഗസ്റ്റ് 2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.5.2013 | 2004-05 മുതൽ 2008-09 വരെ | 10.12.2013 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ചെലവ് ശീർഷകങ്ങൾ കൃത്യമായി ബുക്ക് ചെയ്യുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ. തീയ്യതി.26/7/2011 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള അക്കൗണ്ടിംഗ് നയങ്ങൾ എന്നിവയ്ക്ക് അനുസൃതമായി റവന്യൂ, മൂലധന ചെലവുകൾ വേർതിരിച്ച് കൃത്യമായ ശീർഷകങ്ങളിൽ രേഖപ്പെടുത്താത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട് കൃത്യമായ പ്രവർത്തനഫലം രേഖപ്പെടുത്തുന്നതായോ, 31.3.2018ലെ ബാലൻസ്ഷീറ്റ് കൃത്യമായ സാമ്പത്തികനില പ്രതിഫലിപ്പിക്കുന്നതായോ ഓഡിറ്റിൽ അഭിപ്രായപ്പെടുന്നില്ല. എന്നാൽ ഓഡിറ്റ് പരിശോധനവേളയിൽ ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ ഓഡിറ്റ് നടന്ന തീയ്യതികളിൽ 2018-19-ലെ വാർഷിക കണക്കു പ്രകാരമുള്ള പ്രവർത്തനഫലത്തെ ബാധിക്കാത്ത രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തി അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്റ്റ് | ചെലവ് തുക | ബുക്ക് ചെയ്ത ശീർഷകം | ഉചിതമായി നിർദ്ദേശിക്കുന്ന ശീർഷകം | ഓഡിറ്റിന്റെ അഭിപ്രായം | വൗച്ചർ | തീയ്യതി | ഓഡിറ്റ് എൻക്വയറിയ്ക്ക് ശേഷം തിരുത്തൽ നടത്തിയ എൻട്രി |
|---|---|---|---|---|---|---|---|---|---|
| 1 | 17 | പഞ്ചായത്ത് ഘടക സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ | 73485 | 410710103- Movable assets- Office equipments and other Equipments | 410710104- Movable Assets - Furniture,Fixtures, Fittings & Electrical Appliances | കസേര, മേശ ഉൾപ്പെടെയുള്ള ഫർണീച്ചർ ആണ് വാങ്ങിയിട്ടുള്ളത് | 21700995 | 27/10/2017 | ജേണൽ നമ്പർ – 41800097 തീ. 26/9/18 |
| 2 | 178 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ, യു.പി.എസ്. എന്നിവ വാങ്ങൽ | 134574 | 251600601- General Economic services- Good governance- General | 410710103- Movable Assets - Office Equipments & Other Equipments | കമ്പ്യൂട്ടർ, യു.പി.എസ്. എന്നീ ആസ്തികൾ വാങ്ങിയത് റവന്യൂ ചെലവായി തെറ്റായി രേഖപ്പെടുത്തി- യിരിക്കുന്നു. Income & Expenditure | 21700934<br>21700933 | 3/2/2018- 81674 രൂപ<br>03/02/2018- 52900 രൂപ | ജേണൽ നമ്പർ -41800098 തീ. 26/9/18 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | account, Balance sheet എന്നിവ തെറ്റായ പ്രവർത്തനഫലം, സാമ്പത്തിക നില എന്നിവ കാണിക്കുന്നതിന് കാരണമായി. | | | |
| 3 | 6 | ഗ്രാമപഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് | 17458 | 251600801-General Economic services-Other plan expenditure-General | 410710104-Movable Assets - Furniture, Fixtures, Fittings & Electrical Appliances | ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടുന്നതിന്റെ ഭാഗമായി സംഗീത സംവിധാനം ഒരുക്കുന്നതിന് Ahuja Amplifier (1), Speakers Mini (6), Coaxial Cable എന്നീ ആസ്തികൾ വാങ്ങുന്നതിനുള്ള ചെലവ് റവന്യൂ ചെലവായി ചേർത്തു. | 21701201 | 23/2/2018 | ജേണൽ നമ്പർ – 41800095 തീ.26/9/18 |
| | | | 22000 | 251600601-General Economic services-good governance-General | 410710104-Movable Assets - Furniture, Fixtures, Fittings & Electrical Appliances | സെക്രട്ടറിയുടെ മുറിയിലേക്ക് മേശ വാങ്ങുന്നതിനുള്ള ചെലവ് | 21700753 | 11/12/2017 | ജേണൽ നമ്പർ – 41800096 തീ. 26/9/18 |
| 4 | 187 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 51 | 230500704-Repair and maintenance Electricity -Street light | 460500202 – Advance to implemeting agencies-Deposit with kerala Electricity board | ഡെപ്പോസിറ്റ് വർക്കിന് കെ.എസ്.ഇ.ബി.ക്ക് നൽകിയ ബാക്കി തുക | 21701077 | 28/2/2018 | ജേണൽ നമ്പർ – 41800099 തീ. 26/9/18 |
| 5. | 180 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ | 69500 | 251600601-General Econmic service good governance General | 410710103-Movable Assets - Office Equipments & Other Equipments | പുതിയ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയപ്പോൾ ആയതിന്റെ മുഴുവൻ വിലയും കണക്കിൽ ഉൾപ്പെടുത്താതെ വില്പന (buy back ) തുക കുറച്ച് ബാക്കി സ്ഥാപനത്തിന് കൊടുത്ത് അറ്റ തുക മാത്രം കണക്കിൽ ഉൾപ്പെടുത്തി. ഇപ്രകാരം ചെയ്തതിനാൽ | 21700899 | 31/1/2018 | ജേണൽ നമ്പർ -41800100 തീ. 26/9/18, ജേണൽ നമ്പർ -41800101 മുതൽ 41800105 വരെ തീ.27/9/2018 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | പഴയ മെഷീന്റെ വില്പന രേഖപ്പെടുത്താതെ പോകുന്നതിന് കാരണമായി, പുതിയ മെഷീന്റെ വില കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിനും സാധിച്ചില്ല | | | |

പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. വസ്തു നികുതി റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ ഡിമാന്റിൽ സഞ്ചയ, സാംഖ്യ കണക്കുകൾ തമ്മിൽ വ്യത്യാസമില്ല. സഞ്ചയയിൽ നിന്നും ഡിമാന്റും, കളക്ഷൻ സാംഖ്യയിൽ നിന്നും എടുത്ത് ഡി.സി.ബി. തയ്യാറാക്കുകയും ഡിമാന്റ് സാംഖ്യയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കളക്ഷൻ, നീക്കിയിരുപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം താഴെ ചേർക്കുന്നു.

| | റെസിഡൻഷ്യൽ + നോൺ റെസിഡൻഷ്യൽ | |
|---|---|---|
| | കുടിശ്ശിക | തന്നാണ്ട് |
| സഞ്ചയ പ്രകാരം | 14,45,960 | 26,03,351 |
| സാംഖ്യ പ്രകാരം | 14,36,324 | 26,07,256 |
| വ്യത്യാസം | 9,636 | -3,905 |
| സഞ്ചയയിൽ ക്രമീകരിച്ചത് | 0 | 2,87,546 |
| സഞ്ചയ പ്രകാരം ബാക്കി പിരിച്ചെടുക്കാനുള്ളത് | 8,895 | 7,513 |
| സാംഖ്യ പ്രകാരം ബാക്കി പിരിച്ചെടുക്കാനുള്ളത് | 0 | 0 |

നിലവിൽ സാംഖ്യയിൽ തയ്യാറാക്കിയ വാർഷിക കണക്ക പ്രകാരം തുക പിരിച്ചെടുക്കാനുള്ളതായി കാണുന്നില്ല. എന്നാൽ 'സഞ്ചയ'കണക്ക പ്രകാരം 16,408/- രൂപയാണ് കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ളതായി കാണുന്നത്. 2,87,546/- രൂപ സഞ്ചയ പ്രകാരം adjustment ഇനത്തിൽ ക്രമീകരിച്ചതായി കാണുന്നു. എന്നാൽ ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

01/04/2017-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്സ്മെന്റ് തുക തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 01/04/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ വേക്കൻസി റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തു നികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം

ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = കുടിശ്ശിക എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ വസ്തു നികുതിയുടെ 5% എന്ന നിരക്കിൽ ലൈബ്രറി സെസ്സ് രേഖപ്പെടുത്തിയിട്ടില്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിത ക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

മേൽ കാരണങ്ങളാൽ വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തു നികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

3. വാർഷിക കണക്ക് 1-18 പട്ടിക പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് -1,18,451/- രൂപയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് -4,01,402/- രൂപയും കൂടി ആകെ -5,19,853/- രൂപയുടെ വസ്തു നികുതി പ്രയർ പിരീഡ് ഐറ്റം ഇനത്തിൽ ഉൾപ്പെടുത്തി ക്രമീകരിച്ചതായി കാണുന്നു. ഇത്തരത്തിൽ ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. പ്രതിമാസ റീകൺസീലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പരിശോധനാവേളയിൽ ടി പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
5. വാർഷിക കണക്ക് ബി 4 പട്ടികയിൽ ബ്ലോക്ക് വിഹിതമായി മുൻ വർഷങ്ങളിൽ ലഭിച്ച 74,965/- രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരുപ്പ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ വാഴക്കന്ന് വിതരണത്തിനായി 2015-16 വർഷത്തിൽ ലഭിച്ച തുക ചെലവഴിക്കാതെ കൈവശം സൂക്ഷിക്കുകയും 2016-17-ൽ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ തെറ്റായി നീക്കിയിരുപ്പ് ബി 4 പട്ടികയിൽ ഉൾപ്പെടുത്തുകയാണുണ്ടായത്. ആയത് ക്രമീകരിക്കേണ്ടതാണ്.

6. 'എയിംസ്'സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ച വാർഷിക കണക്കുകളിൽ മുന്നിരുപ്പിലും നീക്കിയിരുപ്പിലും 74,965/- രൂപ അധികമായി രേഖപ്പെടുത്തി കാണുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

7. TDCB അക്കൗണ്ടിൽ 10.03.16 മുതൽ 09.10.17 വരെ കാലയളവിൽ ഇഷ്യൂ ചെയ്തിട്ടുള്ള 7 ചെക്കുകളും (3674/- രൂപ) പുത്തൻചിറ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 19.11.2015 മുതൽ 31.05.2017 വരെ ഇഷ്യൂ ചെയ്തതായ 5 ചെക്കുകളും (1,115/- രൂപ) കൂടി ആകെ 4,789/- രൂപ liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്. മാത്രമല്ല മൂന്നു വർഷങ്ങൾക്ക് മുൻപ് ഇഷ്യൂ ചെയ്തിട്ടുള്ളതും നാളിതു വരെ പണമാക്കി മാറ്റാത്തതുമായ തുകകൾ പഞ്ചായത്തിന്റെ വരവായി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

8. ബാലൻസ് ഷീറ്റ് ബി-11 പട്ടികയിൽ 411800101 ഹെഡിൽ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ - അദർ അസറ്റ്സ് എന്ന ഇനത്തിൽ +78571 രൂപ കാണിച്ചിരിക്കുന്നു. തൻമൂലം ഡിപ്രീസിയേഷൻ കുറഞ്ഞു വരുന്നു. തൻ വർഷത്തിൽ ഡിപ്രീസിയേഷൻ ആയി -1,01,882/- രൂപ കാണിച്ചിട്ടുണ്ടെങ്കിലും മുൻ വർഷത്തിൽ ഈയിനത്തിൽ +1,80,453 രേഖപ്പെടുത്തിയിരുന്നതിനാലാണ് അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ പോസിറ്റീവ് സംഖ്യയായി മാറിയത്. ആയത് ക്രമീകരിക്കേണ്ടതാണ്.

9. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

10. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം "280000000-Prior period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ 1-18) | 31/03/2018-ലെ ബാക്കി |
|---|---|
| 280100101 – Prior period income- Property tax on residential buildings | (1,18,451) |

| | |
|---|---|
| 280100104 – Prior period income – Property tax on non-residential buildings | (4,01,402) |
| 280800101 – Prior period establishment - expenses | 63,144 |
| Total | (4,56,709) |

11. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരം ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

12. 'ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്'പ്രകാരം 2017-18-ലെ Net decrease in cash and cash equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് (4,95,087/-) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18-ൽ net cash used up by operating+investing+financing activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് (44,76,064/-) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ ആയത് പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

ബജറ്റ് രൂപീകരണം

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്.

ഉദ്യോഗസ്ഥരുടെ/ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുന്നില്ല

ബജറ്റ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ/ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കേണ്ടതും ചർച്ചകൾ നടത്തി ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോർമാറ്റിൽ സ്വീകരിക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകേണ്ടതും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനുവരി 15 മുമ്പ് ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് സെക്രട്ടറി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് 26.02.17ന് കത്ത് നൽകിയിരിക്കുന്നത് ബജറ്റ് ഫയലിൽ കാണുകയുണ്ടായി.ജി.യു.പി.എസ് പുത്തൻചിറ, ഹോമിയോ ഡിസ്പെൻസറി പുത്തൻചിറ, ജി.എൽ.പി.എസ് പുത്തൻചിറ (സൌത്ത്) എന്നീ സ്ഥാപനങ്ങളിൽ നിന്നു മാത്രമേ മറുപടി ലഭ്യമായിട്ടുള്ളൂ. ജനുവരി 15-ന് മുമ്പായി അവസാനിക്കേണ്ട നടപടിക്രമം ആരംഭിച്ചിരിക്കുന്നത് ഫെബ്രുവരി മാസത്തിലാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഇടപെടൽ വിരളം

ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ററാന്റിംഗ് കമ്മിറ്റികൾ ചർച്ചചെയ്യേണ്ടതും വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനവരി 15-ാം തിയതിക്കു മുമ്പേ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ചചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങളോ ചർച്ചയുടെ വിശദാംശങ്ങളോ രേഖപ്പെടുത്തി കാണുന്നില്ല.

പുതിയ നികുതി നിർദ്ദേശങ്ങൾ ഉണ്ടാകുന്നില്ല

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

ബജറ്റ് രൂപീകരണം സമയക്രമം പാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനുമുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി ജനറൽ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തിരിക്കുന്നത് 15.3.17നാണ്. ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 23.03.2017നാണ്.

## 2-2 ക്യാൻസൽഡ് രസീതികൾ ലഭ്യമാകുന്നില്ല

രസീതികൾ ക്യാൻസൽ ചെയ്യുമ്പോൾ രസീതിയുടെ പ്രിന്റിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സാംഖ്യ രസീതികൾ പ്രിന്റ് വരുന്നില്ല എന്ന കാരണം രേഖപ്പെടുത്തി ക്യാൻസൽ ചെയ്തുകാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| തിയതി | രസീതി നമ്പർ | തുക |
|---|---|---|
| 2.05.2017 | 117030100477 | 120 |
| 8.05.2017 | 117030100556 | 120 |
| 16.08.2017 | 117030101509 | 120 |
| 16.08.2017 | 117030101518 | 120 |
| 6.06.2017 | 117030100911 | 120 |
| 18.07.2017 | 117030101126 | 500 |
| 14.08.2017 | 117030101487 | 120 |
| 22.09.2017 | 117030101908 | 279 |
| 27.10.2017 | 117030103042 | 1500 |
| 27.10.2017 | 117030103043 | 1500 |
| 27.10.2017 | 11703013044 | 4 |

'ക്യാൻസൽഡ് റിപ്പോർട്ട്' പ്രകാരവും 'ഡെ ബുക്ക്' പ്രകാരവും രസീതികൾ ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയതിന്റെ രസീതികൾ ലഭ്യമാകുന്നില്ല. ക്യാൻസൽ ചെയ്യപ്പെടുന്ന രസീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ടെങ്കിലും ആയത് പാലിക്കപ്പെടാതെ രസീതികൾ ക്യാൻസൽ ചെയ്യപ്പെടുന്ന സാഹചര്യം നിലവിലുണ്ട്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നം കൊണ്ട് സംഭവിക്കുന്ന ഈ അപാകത ഇൻഫോർമേഷൻ കേരള മിഷനെ 24.01.2017-ന് 99543 ടോക്കൺ പ്രകാരം അറിയിച്ചിട്ടുണ്ടെന്നാണ് (എൻക്വയറി നമ്പർ 2/25.09.18) മറുപടി ലഭിച്ചത്. എന്നാൽ നാളിതുവരെ ഈ അപാകത പരിഹരിക്കപ്പെട്ടിട്ടില്ല. അപാകത പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ടെണ്ടർ ഫോം വില - കുറവ് തുക ഈടാക്കി

ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് GO(P) 429/15/തി. 28.9.2015 പ്രകാരം ടെണ്ടർ ഫോമിന്റെ വില ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പദ്ധതികൾക്ക് ടെണ്ടർ ഫോമിന്റെ വില കുറവായി ഈടാക്കിയിരിക്കുന്നു.

| പദ്ധതി | കരാറുകാരൻ | പ്രോജക്ട് കോസ്റ്റ് | ടെണ്ടർ ഫോം വില ഇനത്തിൽ ഈടാക്കിയ തുക | ഈടാക്കിയ GST | രസീതി/ തിയതി | ടെണ്ടർ ഫോം ഇനത്തിൽ ഈടാക്കേണ്ട തുക | ഈടാക്കേണ്ടത് GST | കുറവ് | കുറവ് GST |
|---|---|---|---|---|---|---|---|---|---|
| ചേര്യക്കര ചേന്ദങ്കിരി പാടം റോഡ് സൈഡ് ഉയർത്തൽ | ഷാജു.ടി.എസ് | 200000 | 400 | 48 | 14/2235 27.06.18 | 500 | 60 | 100 | 12 |
| ചേര്യക്കര ചേന്ദങ്കിരി പാടം റോഡ് സൈഡ് ഉയർത്തൽ | എ.വി പോൾസൺ | 200000 | 400 | 48 | 13/2235 27.06.18 | 500 | 60 | 100 | 12 |
| ഗവ.യു.പി വിദ്യാലയത്തിൽ ബാലിക സൗഹൃദ വിശ്രമ കേന്ദ്രം | പി.വി ഭാസ്കരൻ | 200000 | 400 | 48 | 2/2235 27.06.18 | 500 | 60 | 100 | 12 |
| ഗവ. യു.പി വിദ്യാലയത്തിൽ ബാലിക സൗഹൃദ വിശ്രമ കേന്ദ്രം | ഷാജു ടി.എസ് | 200000 | 400 | 48 | 16/2235 27.06.18 | 500 | 60 | 100 | 12 |
| | | | 1600 | 192 | | 2000 | 240 | 400 | 48 |

കുറവ് തുക 448/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ടെണ്ടർ ഫോമിനത്തിലെ കുറവ് തുക 400/- രൂപ 118030102413/ 29.09.18 രസീതി പ്രകാരം അടവാക്കി. ജി.എസ്.ടി. ഇനത്തിൽ കുറവായി ഈടാക്കിയ 48 രൂപ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 കുളം ലേലം- കരാർ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പൊതുകുളം, ചാൽ എന്നിവ 2017-18 സാമ്പത്തികവർഷം ലേലം ചെയ്തിട്ടുള്ളതാണ്. താഴെ പറയുന്ന പൊതുകുളം, ചാൽ എന്നിവ ലേലം കൊണ്ടവരുടെ കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| | |
|---|---|
| 1 | കരിങ്ങാചിറ ചാൽ |
| 2 | മേയ്ക്കാളിതോട് |
| 3 | പേത്തുരുത്ത്തോട് |
| 4 | ചെറിയതുരുത്ത് തോട് |
| 5 | ചെട്ടികുന്ന് |
| 6 | ചെറിയതുരുത്ത് തോട് (പൊട്ടൻതുരുത്ത്) |
| 7 | കോതറതോട് |
| 8 | കട്ടൻകുളം |
| 9 | ആളോരികുളം |
| 10 | വട്ടോലികുളം |
| 11 | വലിയകുളം |
| 12 | ചെമ്പൻകാട് കുളം |

| | |
|---|---|
| 13 | നമ്പാടി കുളം |
| 14 | പേര്യാം കുളം |
| 15 | മനകുളങ്ങര കുളം |
| 16 | വൈമേലി കുളം |
| 17 | കട്ടപ്പാടം തോട് |
| 18 | ചെറിയതുരുത്ത് തോട് |

രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി - പൊതു നിരീക്ഷണങ്ങൾ

1) തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നതിനുള്ള ഗ്രാമപഞ്ചായത്തിലെ സംവിധാനം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്.( കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം നികുതി ഈടാക്കുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിലുണ്ടോ, നിയമപ്രകാരമുള്ള എല്ലാവർക്കും നോട്ടീസ് നൽകുവാൻ ഗ്രാമപഞ്ചായത്തിനായിട്ടുണ്ടോ, കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 13 പ്രകാരം നികുതിദായകരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

കൃത്യമായി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിലുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2017-18 വർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ലൈസൻസ് നമ്പർ | ജോലിക്കാരുടെ എണ്ണം |
|---|---|---|
| പ്രോപ്റ്റ് പാക്സ് | 3/17-18 /10.2.17 | 10 |
| എവർലൈറ്റ് ഫർണ്ണീച്ചർ | 6/17-18 /15.2.17 | 9 |
| ചാണാശ്ശേരി ഫർണീച്ചർ | 201/17-18 /17.5.17 | 3 |
| മാളിയേക്കൽ കോൺക്രീറ്റ്സ് | 131/17-18 /26.3.17 | 6 |
| പിസികെ പെട്രോളിയം | 139/17-18 /8.3.17 | 8 |
| ഗോൾഡൻ കമ്പനി സിമന്റ് വർക്സ് | 152/17-18 /20.3.17 | 5 |
| മഞ്ഞളിവുഡ് പ്രൊഡക്ട്സ് | 162/17-18 /24.3.17 | 7 |

| | | |
|---|---|---|
| വുഡൻ ഫർണീച്ചർ (ടി.കെ ലത്തീഫ്) | 167/17-18 /30.3.17 | 5 |
| വിന്റർ ഡയറി | 234/17-18/ 22.7.17 | 6 |
| ഗ്ലോറിയ ഹോം അപ്പാരൽസ് | 273/17-18/ | 7 |

എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 14 പ്രകാരം ഈ സ്ഥാപന തൊഴിലുടമയോടോ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയോ കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 16 പ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 2-6 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

സ്ഥാപനത്തിലെ വിറ്റുവരവിന് ആനുപാതികമായാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഡി.ആന്റ്.ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഡി.ആന്റ്.ഒ. ലൈസൻസ് നമ്പർ | പ്രതിദിന വിറ്റുവരവ് | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| 1 | നമ്പാടൻ ഏജൻസീസ് | 33/17-18/ 27.2.17 | 50000 | 50 | 1000 | 950 |
| 2 | പുത്തൻചിറ ക്ഷീരോല്പാദക സംഘം | 61/17-18/ 28.2.17 | 20000 | 300 | 500 | 200 |
| 3 | മാളിയേക്കൽ | 32/17-18/ 27.2.17 | 8000 | 100 | 200 | 100 |
| | ആകെ | | | | | 1250 |

ബാക്കിയുള്ള തുക ഈടാക്കേണ്ടതും വിറ്റുവരവിന് ആനുപാതികമായി തുക ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-7 ലൈവ് സ്റ്റോക്ക് ഫാമുകളുടെ പ്രവർത്തനം

ലൈവ് സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി സർജൻ ലഭ്യമാക്കിയ വിവരപ്രകാരം (റിപ്പോർട്ട് തെളിവായി ചേർക്കുന്നു) 9 കന്നുകാലി ഫാമുകൾ പ്രവർത്തിക്കുന്നതായി പറയുന്നു. ഫാമുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥൻ | കാലികളുടെ എണ്ണം |
|---|---|---|
| 1 | ബൈജു തമ്പിൽ, അളിയത്ത് | 6 |

| | | |
|---|---|---|
| 2 | പോളമ്പരൻ തരകൻ, ശാന്തിനഗർ | 6 |
| 3 | ജോസ് തെക്കേടത്ത്, പേയും തുരുത്ത് | 8 |
| 4 | ശ്രീദാസ്, പിണ്ടാണി | 20 |
| 5 | ചന്ദ്രൻ, മംഗലത്ത് ,മതിയത്തുകുന്ന് | 10 |
| 6 | ഗോവിന്ദകുറുപ്പ്, വില്വംമംഗലത്ത് | 8 |
| 7 | രാജേന്ദ്രൻ മാനാത്ത്, കോവിലകത്ത് | 25 |
| 8 | അശോകൻ കളപ്പുരയ്ക്കൽ, കൊമ്പത്തുകടവ് | 8 |
| 9 | സുബ്രഹ്മണ്യൻ, ചാലിപറമ്പിൽ, പൊരുന്നകുന്ന് | 15 |

ഇതിൽ ക്രമനമ്പർ 9 ന് മാത്രമേ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയതായി കാണുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 9) ക്രമ നമ്പർ 7ന് ലൈസൻസ് എടുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറ്റ് ഫാമുകളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നുമാണ് മറുപടി ലഭിച്ചത്.

അഞ്ചിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്ന ഓരോ ലൈവ് സ്റ്റോക്ക് ഫാമും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതാകുന്നു.

പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരം ഗ്രാമപഞ്ചായത്തിലുണ്ടാകേണ്ടതാണ്. അനധികൃത പ്രവർത്തനങ്ങളെ കണ്ടെത്തേണ്ടതും ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-8 നിലം നികത്ത് ഭൂമിയിൽ നിർമ്മാണാനുമതി

എ) ഫയൽ നമ്പർ - A6-2435/2017

ഫയൽ പരിശോധിച്ചതിൽ മുകുന്ദപുരം താലൂക്ക് പുത്തൻചിറ വില്ലേജ് 291/3/1സർവ്വെ നമ്പറിലുള്ള നിലം നികത്തു ഭൂമിയിൽ 248.34 ച.മീ വാസഗൃഹം നിർമ്മിക്കുന്നതിനായി വിനോദ് , രഞ്ജു എന്നിവർ 4.11.2017 ന് അപേക്ഷ നൽകി. ഹാജരാക്കിയിരിക്കുന്ന അംഗീകൃത ബിൽഡിംഗ് പ്ലാൻ, പൊസഷൻ സർട്ടിഫിക്കറ്റ്, കരം അടച്ച രസീതി എന്നിവ പ്രകാരം ഭൂമിയുടെ തരം നിലം എന്നും ഭൂവിസ്തീർണ്ണം 0.0497 ഹെക്ടർ (12.403സെന്റ്) എന്നുമാണ്. 13105/ പി1/ 2017/ റവ/ തി.1.03.2017 ,994733 /ആർ.എ1/ 16/ തസ്വഭവ/തി.22.12.2016 നമ്പർ സർക്കുലറുകൾ പ്രകാരം നിലവിൽ കെട്ടിടം ഉള്ള സ്ഥലത്ത് വാസഗൃഹത്തിന് നിർമ്മാണാനുമതി നൽകാവുന്നതാണെന്നതിന്റെ അടിസ്ഥാനത്തിലും നിലം നികത്തുഭൂമിയിൽ കെട്ടിടനിർമ്മാണാനുമതി നൽകാമെന്ന 24.10.17 ലെ സബ്കമ്മിറ്റി ക്രമനമ്പർ 4 തീരുമാനത്തിന്റെ അടിസ്ഥാനത്തിലും A6-2435/2017 /27.01.18 നമ്പറായി ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണാനുമതി നൽകി.

സർക്കാർ ഉത്തരവ് 994733 /ആർ.എ1/ 16/ തസ്വഭവ/തി.22.12.2016 ,1858832/RA1/2017/തസ്വഭവ തി.6.12.17,13105/ പി1/ 2017/ റവ/ തി.1.03.2017 എന്നിവ പ്രകാരം 10 സെന്റ് വരെയുള്ള നിലം നികത്തു ഭൂമിയിൽ വാസഗൃഹം നിർമ്മിക്കുന്നതിന് മാത്രമേ അനുമതി നൽകാവൂ. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ നിർമ്മാണാനുമതിയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത വീടിനു മുന്നിലായി റോഡ് വരുന്നതിലേക്കായി സ്ഥലം വിട്ടു നൽകിയിട്ടുണ്ടെന്ന് വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, സെക്രട്ടറി എന്നിവർക്ക് ബോധ്യമായിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. എന്നാൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളോ, രേഖകളോ ഫയലില്ല.

ഗ്രാമപഞ്ചായത്തിൽ 10 സെന്റ് വരെയുള്ള നിലം നികത്തു ഭൂമിയിൽ വാസഗൃഹം നിർമ്മിക്കുന്നതിനേ വ്യവസ്ഥയുള്ളൂ എന്നിരിക്കെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ നിർമ്മാണാനുമതിയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി) ഫയൽ നമ്പർ - A6-2433/2017

മേൽ ഫയൽ പരിശോധിച്ചതിൽ അമ്പാട്ടുപറമ്പിൽ ഉണ്ണികൃഷ്ണൻ എന്നവരുടെ ഉടമസ്ഥതയിൽ മുകുന്ദപുരം താലൂക്ക്

പുത്തൻചിറ വില്ലേജ് 350/1സർവ്വെ നമ്പറിലുള്ള നിലം നികത്തു ഭൂമിയിൽ 160 ച.മീ വാസഗൃഹം നിർമ്മിക്കുന്നതിനായി 22.12.17 ന് ഗ്രാമപഞ്ചായത്ത് A6-2433/2017 നമ്പറായി ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട്. ഓവർസീയർ അംഗീകരിച്ച പ്ലാൻ , കരം അടച്ച രസീതി, പൊസഷൻ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം ഭൂവിസ്തീർണ്ണം 0.1129ഹെക്ടർ (28.175 cent) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് .

അപാകതകൾ

1. ഓവർസിയറുടെ 16.12.17 ലെ റിപ്പോർട്ടിൽ ഭൂവിസ്തീർണ്ണം 0.0324 ഹെക്ടർ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2. സർക്കാർ ഉത്തരവ് 1858832/RA1/2017/തസ്വഭവ തി.6.12.17 പ്രകാരം 10 സെന്റ് വരെയുള്ള നിലം നികത്തു ഭൂമിയിൽ വാസഗൃഹം നിർമ്മിക്കുന്നതിന് മാത്രമേ അനുമതി നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ നിർമ്മാണാനുമതി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-9 അനധികൃത നിർമ്മാണം - തുടർ നടപടികൾ സ്വീകരിച്ചില്ല

ഫയൽ നമ്പർ. എ6-2386/17

കണ്ണമ്പുഴ അരീക്കാടൻ ദേവസ്സി മകൻ ജോസിന്റെ ഉടമസ്ഥതയിലുള്ള സർവ്വെ നമ്പർ 310/12 സ്ഥലത്ത് 6/144,6/145 കെട്ടിടത്തിന്റെ മുകളിൽ നിലം നികത്ത് ഭൂമിയിൽ നിർമ്മിച്ചിരിക്കുന്ന കൊമേഴ്സ്യൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ ന്യൂനതകൾ അറിയിച്ച് കൊണ്ട് 29.7.17 ന് എ6-2386/17 നമ്പറായി സെക്രട്ടറി കത്ത് നൽകിയിരിക്കുന്നു.എന്നാൽ ടി അനധികൃത നിർമ്മാണത്തിന് തുടർ നടപടികൾ ഉണ്ടായതായി കാണുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് U.A നമ്പർ നൽകാവുന്നതും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എ.എ പ്രകാരം നികുതി ഈടാക്കാവുന്നതുമാണ്. തുടർ നടപടികളെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 നിർമ്മാണം ക്രമവത്കരിച്ച് വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത

ഫയൽ നമ്പർ-B2-1857/2018

മേൽ കൊടുത്ത കെട്ടിട നമ്പറിങ്ങ് ഫയൽ പരിശോധിച്ചതിൽ ശ്രീ ഉണ്ണികൃഷ്ണൻ പനങ്ങാടൻ വീട്, പുത്തൻചിറ എന്ന വ്യക്തിക്ക് ടിയാളുടെ പെർമിറ്റ് എടുക്കാതെ പണിത കെട്ടിടം റഗുലറൈസ് ചെയ്ത് നമ്പർ നൽകിയിട്ടുണ്ട്.(IX-398A). ടിയാളുടെ അപേക്ഷയിൽ കമേഴ്സ്യൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 141 $m^2$ ഉള്ള പ്രസ്തുത കെട്ടിടത്തിന്റെ പ്ളാനിലും കമേഴ്സ്യൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ വസ്തുനികുതി സഞ്ചയയിൽ കണക്കാക്കിയിരിക്കുന്നത് ഇതര വ്യവസായം എന്ന ഉപയോഗത്തിനാണ്. 1 $m^2$-ന് 50 നിരക്കിൽ കണക്കാക്കി നൽകി. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച വസ്തു നികുതി നിരക്കുകൾ പ്രകാരം 1 $m^2$-ന് 60 രൂപ ആണ് നിശ്ചയിച്ചിരിക്കുന്നത്. കുറവ് നിരക്കിൽ നികുതി നിശ്ചയിച്ചതിന്റെ കാരണം വ്യക്തമാക്കുവാൻ താല്പര്യപ്പെടുന്നു.ടിയാൾ ഡി ആന്റ് ഒ ലൈസൻസ് 2018-19 ൽ എടുത്തതായി ഡിആന്റ് ഒ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. ടിയാൻ വ്യവസായ ആവശ്യത്തിനാണ് കെട്ടിടം ഉപയോഗിക്കുന്നതെങ്കിൽ നിർമ്മാണം ക്രമവത്കരിക്കുന്നതിനു മുന്പ് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59 (11a) പ്രകാരം അഗ്നിശമന ഡയറക്ടറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് വാങ്ങേണ്ടതായിരുന്നു.ആയത് ഫയലിൽ ലഭ്യമല്ല.മേൽ അപാകതകൾ പരിശോധിച്ച് വ്യക്തമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ-23/29.9.2018)

## 2-11 അനധികൃത കെട്ടിടങ്ങൾ 'സഞ്ചയ' സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ നിന്നുള്ള അനധികൃത കെട്ടിടങ്ങളുടെ ലിസ്റ്റിൽ മേൽ കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടില്ല.

എ) ix/160A- തയ്യിൽ നാരായണൻ മകൻ സുഗതൻ

ബി) XIV/367A-ചേപ്പുള്ളി ദാസൻ ,സുജാത ദാസൻ

അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും 'സഞ്ചയ'സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ- 13/27.9.2018)

## 2-12 'സാംഖ്യ-സഞ്ചയ' സംയോജനം - അവലോകനം

വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും മുൻവർഷത്തെ വാർഷിക കണക്കിലെ തുകയുമായി സഞ്ചയയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. സഞ്ചയയിലെ ഡിമാന്റ് തുക സാംഖ്യയിലെ ഡിമാന്റായി ചേർക്കുകയും ബാലൻസ് തുകകൾ പൊരുത്തപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. സാംഖ്യ പ്രകാരം രസീത് ചെയ്യപ്പെടുന്ന വസ്തുനികുതി കളക്ഷനാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടേണ്ടത്. എന്നാൽ സാംഖ്യ സഞ്ചയ കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. (സാംഖ്യ സഞ്ചയ തുകകളിലെ വ്യത്യാസം അക്കൗണ്ട്സ് അപാകതയായി ഖണ്ഡിക 1-12ൽ ചേർത്തിട്ടുണ്ട്. )

തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൗച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്യുന്നു. എന്നാൽ ഈ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

പൊരുത്തക്കേടിന്റെ കാരണങ്ങൾ

കാലാകാലങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തുന്നതും സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിമിതികൾ കൊണ്ടും സാംഖ്യ സഞ്ചയ തുകകൾ പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണമായി.

കെട്ടിടങ്ങളുടെ ഡിമാന്റ് ഒഴിവാക്കുമ്പോൾ സഞ്ചയയിൽ മുൻവർഷത്തെ ഡിമാന്റിൽ കൂടി മാറ്റം വന്നു. ഇത് മുൻവർഷങ്ങളിൽ ഓഡിറ്റ് അന്തിമമാക്കിയ വാർഷിക കണക്കിലെ ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല. 2013-14 ലെ വസ്തുനികുതി പരിഷ്ക്കരണം നടത്തിയപ്പോൾ എല്ലാ ബിൽഡിങ്ങുകൾക്കും നികുതി വരികയും നികുതി ഉള്ള കെട്ടിടങ്ങൾക്ക് വർദ്ധനവ് വരികയും ചെയ്തു. 2015-16 സാമ്പത്തിക വർഷം നികുതി കുറയ്ക്കുകയും 30m$^{2-}$ന് താഴെയുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.പിന്നീട് 60 m$^2$ ന് താഴെ വരുന്ന കെട്ടിടങ്ങളെ ഒഴിവാക്കുകയും മറ്റ് കെട്ടിടങ്ങളുടെ നികുതി കുറവ് ചെയ്യുകയുമുണ്ടായി. ഇത് അരിയർ ഡിമാന്റ് തുകയിൽ മാറ്റം വരുത്തി. 2013-14 സാമ്പത്തിക വർഷം നികുതി നിശ്ചയിച്ചപ്പോൾ വന്ന വർദ്ധനവും സർക്കാർ ഉത്തരവ് 144/15/തസ്വഭവ, 358/15/തസ്വഭവ പ്രകാരം നികുതിയിൽ മാറ്റം വരുത്തിയതും വ്യത്യാസത്തിന് കാരണമായി.

കെട്ടിടങ്ങളുടെ പഴയ നമ്പർ രേഖപ്പെടുത്താതെ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയതും കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതും സാംഖ്യ സഞ്ചയ ഇൻഡഗ്രേഷനിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. സാംഖ്യയയിൽ റസീപ്റ്റ് ചെയ്യുന്നത് യാന്ത്രികമായി സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടാതിരുന്ന സാഹചര്യവും സാംഖ്യയിൽ രസീതി ക്യാൻസൽ / പ്രിന്റ് ഫാൾട്ട് ആകുന്നത് സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ടായി.ഇത്തരം അപാകതകൾ മാനവലായി കണ്ടെത്തി പരിഹരിക്കപ്പെടാത്തതും നികുതി തുകയിലെ മാറ്റങ്ങൾക്ക് കാരണമായി. സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പരിമിതികൾ മറികടക്കുന്നതിന് ഇടക്കിടെ എക്സ്ട്രാ ടൂളുകൾ നൽകിവരുന്നു.

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നതിന് യാതൊരു ആധികാരിക രേഖകളുമില്ലാതെ തന്നെ വാർഷികധനകാര്യപത്രികയിലെ തുകകൾ വൗച്ചർ മുഖേന എഴുതി തള്ളുകയും ക്രമീകരിക്കുകയും ചെയ്യുന്നു. വസ്തുനികുതി പരിഷ്ക്കരണം, വസ്തുനികുതി സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങി കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പ് തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല.-മോണിറ്ററിംഗ് നടത്തുന്നില്ല

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുന്നുണ്ടെങ്കിലും ഫലപ്രദമായി

പ്രവർത്തിച്ചതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് രൂപീകരണം നടത്തുന്നതിനുതകുന്ന ചർച്ചകളുണ്ടായിട്ടില്ല. പ്രോജക്ട് നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഗ്രൂപ്പുകളായി പ്രവർത്തിക്കണമെങ്കിലും മോണിറ്ററിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ നിർദ്ദേശങ്ങൾ നല്കിയതായി കാണുന്നില്ല.

## 3-2 ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

## 3-3 കൈപ്പറ്റ് രസീത്, വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് 187/18 – സ്ട്രീറ്റ് മെയിൻ വലിക്കൽ

നിർവ്വഹണം – സെക്രട്ടറി

| ക്രമ നം. | വൗച്ചർ നമ്പർ | തീയ്യതി | തുക | രസീറ്റ് നമ്പർ | തീയ്യതി |
|---|---|---|---|---|---|
| 1 | 21702009 | 29/12/2017 | 300000 | രസീറ്റ് ഇല്ല | |
| 2 | 21701010 | 30/12/2017 | 143679 | | |
| 3 | 21701077 | 28/2/2018 | 51 | 102016 | 28/2/18 |
| | | ആകെ | 443730 | | |

മേൽ ഡെപ്പോസിറ്റ് പ്രവൃത്തി ചെയ്യുന്നതിന് കെ.എസ്.ഇ.ബി യ്ക്ക് 443730/- രൂപ നൽകിയിട്ടുണ്ട്.

(1) ക്രമ നമ്പർ 1, 2 പ്രകാരം തുക നൽകിയതിന് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

(2) 21/2/18 തീയ്യതിയിലെ കരാർ പ്രകാരമുള്ള കാലാവധി 3 മാസമാണ്. എന്നാൽ നാളിതുവരെ പണി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ 443730/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല. മോണിറ്ററിംഗ് നടത്തുന്നില്ല.

വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുന്നുണ്ടെങ്കിലും ഫലപ്രദമായി പ്രവർത്തിച്ചതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് രൂപീകരണം നടത്തുന്നതിനുതകുന്ന ചർച്ചകളുണ്ടായിട്ടില്ല. പ്രോജക്ട് നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഗ്രൂപ്പുകളായി പ്രവർത്തിക്കണമെങ്കിലും മോണിറ്ററിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നതിന് വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയോ ഭരണസമിതിയോ നിർദ്ദേശങ്ങൾ നല്കിയതായി കാണുന്നില്ല.

## 3-5 വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(ii) പ്രകാരം വികസന സ്റ്റാൻഡിംഗ് കമ്മിറ്റി വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിങ്ങ്, സ്പെഷൽ പ്ലാനിങ്ങ്, കൃഷി, മണ്ണുസംരക്ഷണം, സാമൂഹ്യ വനവൽക്കരണം, മൃഗ സംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്) 72/2017 ത.സ്വ.ഭ.വ തീ.29.3.2017-ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് കൃഷി, മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, പ്രാദേശിക സാമ്പത്തിക വികസനം, പൊതുമരാമത്ത് എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്.

സർക്കാർ ഉത്തരവ് 72/17 ത.സ്വ.ഭ.വ തീ 29/3/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13.6(9) അനുസരിച്ച് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം യോഗം വിളിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
വികസന സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലയിൽപ്പെടുന്ന വിഷയങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ (ചെലവ്) ഖണ്ഡിക 3-6 മുതൽ 3-7 വരെ ചേർക്കുന്നു.

## 3-6 പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ കാലതാമസം

2017-18 സാമ്പത്തിക വർഷം 93 മരാമത്ത് പ്രവൃത്തികൾക്ക് DPC യുടെ അംഗീകാരം ലഭിച്ചുവെങ്കിലും 52 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. ആകെ വകയിരുത്തിയ 3,89,33,126 രൂപയിൽ 17399666 രൂപ മാത്രമാണ് വിനിയോഗിച്ചത് (44.7%). പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ കാലതാമസം മൂലം 2018-19 വർഷം വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കേണ്ട തുകയിൽ കുറവു വരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 15.05.2017-ലെ സാധാരണ യോഗത്തിൽ അസിസ്റ്റൻറ് എഞ്ചിനീയറുടെ പദ്ധതികൾ അംഗീകരിക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്. വികസനസ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 28.06.2017-ലെ യോഗത്തിൽ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തേണ്ട ആവശ്യകതയെക്കുറിച്ച് അസിസ്റ്റൻറ് എഞ്ചിനീയറെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാത്തതിനാൽ അസിസ്റ്റൻറ് എഞ്ചിനീയറെ പഞ്ചായത്ത് കമ്മിറ്റിയിലേക്ക് ക്ഷണിക്കുവാൻ വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 28.03.2018-ലെ യോഗത്തിൽ തീരുമാനിച്ചു. വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും കാര്യമായ ഇടപ്പെടലുകൾ ഉണ്ടായിട്ടും പൊതുമരാമത്ത് പ്രവൃത്തികൾ നിശ്ചിതസമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്തത് നിർവ്വഹണോദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. മേൽപരാമർശങ്ങൾക്ക് അസിസ്റ്റൻറ് എഞ്ചിനീയറുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 മാപ്പിങ്ങ് പുരോഗതി

1. വൗച്ചർ നമ്പർ-21700168/24.5.2017-9900/-രൂപ

ചെക്ക് നമ്പർ-033142/24.5.2017

കേന്ദ്ര പഞ്ചായത്ത് മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം ആസ്തികളുടെ മൊബൈൽ മാപ്പിങ്ങ് നടത്തുന്നതിന് മൊബൈൽ ഫോൺ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം.14316/dtd.nil, മൊബൈൽ കോർണർ തൃശ്ശൂർ) സ.ഉ.(സാധാ) നം.1774/16 തസ്വഭവ /28.5.2016&സ.ഉ.(സാധാ) നം.2487/16 തസ്വഭവ/20.8.2016 ഉത്തരവുകളും അടിസ്ഥാനമാക്കിയാണ് മൊബൈൽ ഫോൺ വാങ്ങിയത്. മാപ്പിങ്ങ് നടത്തിയതിന്റെ പുരോഗതി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നമ്പർ-12/27.9.2018). മൊബൈൽ വാങ്ങിയ ഉദ്ദേശ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തിയതിന്റെ വിശദാംശം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-8 ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല.-മോണിറ്ററിംഗ് നടത്തുന്നില്ല.

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുന്നുണ്ടെങ്കിലും ഫലപ്രദമായി പ്രവർത്തിച്ചതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് രൂപീകരണം നടത്തുന്നതിനുതകുന്ന ചർച്ചകളുണ്ടായിട്ടില്ല. പ്രോജക്ട് നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഗ്രൂപ്പുകളായി പ്രവർത്തിക്കണമെങ്കിലും മോണിറ്ററിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ നിർദ്ദേശങ്ങൾ നല്കിയതായി കാണുന്നില്ല.

## 3-9 ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(iii) പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പട്ടികജാതി-പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമാർജ്ജനം, പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ.29.3.2017-ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യനീതി, വനിത വികസനം, പട്ടികജാതി/പട്ടികവർഗ വികസനം എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്. ഈ വിഷയങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ (ചെലവ് ) ഖണ്ഡിക  മുതൽ  വരെ ചേർക്കുന്നു.

## 3-10 ആരോഗ്യ-വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല -മോണിറ്ററിംഗ് നടത്തുന്നില്ല

ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുന്നുണ്ടെങ്കിലും ഫലപ്രദമായി പ്രവർത്തിച്ചതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റ് രൂപീകരണം നടത്തുന്നതിനുതകുന്ന ചർച്ചകളുണ്ടായിട്ടില്ല. പ്രോജക്റ്റ് നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഗ്രൂപ്പുകളായി പ്രവർത്തിക്കണമെങ്കിലും മോണിറ്ററിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നതിന് ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ നിർദ്ദേശങ്ങൾ നല്കിയതായി കാണുന്നില്ല.

## 3-11 ആരോഗ്യ-വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(iv) പ്രകാരം ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി പൊതുജനാരോഗ്യ, ശുചീകരണ, ശുദ്ധജല വിതരണം(കുടിവെള്ളം), അഴുക്കുചാൽ, പരിസ്ഥിതി, വിദ്യഭ്യാസം, കലയും സംസ്കാരവും വിനോദവും എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ. തീ.29.3.2017-ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്. ഈ വിഷയങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ (ചെലവ്) ഖണ്ഡിക 3-12 മുതൽ 3-14 വരെ ചേർക്കുന്നു.

## 3-12 ഹെഡ്മാസ്റ്റർ നിർവഹണോദ്യഗസ്ഥനായ മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം-പ്ളാസ്റ്റിക് കസേര വാങ്ങിയത് മാർഗരേഖാ വിരുദ്ധം

പദ്ധതി നമ്പർ – 39/18
അടങ്കൽ – 33,250/-
ചെലവ് – 33,250/-

സബ്സിഡി മാർഗരേഖാ, ജി.ഒ.(എം.എസ്) നം.80/2017 ത.സ്വ.ഭ.വ, തിയതി.3/4/2017 പ്രകാരം ഫർണിച്ചർ വാങ്ങുമ്പോൾ, സ്റ്റീൽ അല്ലെങ്കിൽ മരം ആണ് വാങ്ങേണ്ടത്. എന്നാൽ മേൽ പദ്ധതിയ്ക്കായി ഹെഡ്മാസ്റ്റർ നീൽകമലിന്റെ പ്ലാസ്റ്റിക് കസേരകളാണ് വാങ്ങിയത്. മാർഗരേഖാവിരുദ്ധമായി ചെലവ് നടത്താനുണ്ടായ സാഹചര്യം ഓഡിറ്റിന് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. മാർഗരേഖാ വിരുദ്ധമായുള്ള ചെലവുകൾ

ഒഴിവാക്കേണ്ടതും, മേൽനടപടിയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 3-13 'ഹോംകോ'യിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ മരുന്നിന് നൽകിയ പദ്ധതി അടങ്കൽ തുകയിൽനിന്നും ഫ്രൈറ്റ് ചാർജ് ഈടാക്കുന്നു.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥയായ പദ്ധതി നമ്പർ 4, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി, 200000/- രൂപാ, 10/10/17-ന് ഹോംകോയ്ക്ക് നൽകുകയും, 30/7/18-ന് മരുന്ന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയിൽ നിന്നും, 6621/ രൂപാ ഫ്രൈറ്റ് ചാർജ് ഇാടാക്കിയതായി കാണുന്നു. എന്നാൽ ആയുർവേദ മരുന്ന് നൽകുന്ന ഔഷധി തുടങ്ങിയ സ്ഥാപനങ്ങൾ ഇത്തരത്തിൽ ഫ്രൈറ്റ് ചാർജ് ഈടാക്കുന്നില്ല. ഹോംകോയ്ക്ക് മരുന്നിന് തുക നൽകുമ്പോൾ നിർവഹണോദ്യഗസ്ഥ ഹോംകോയുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. പദ്ധതിയ്ക്കായി വകയിരുത്തുന്ന തുകയിൽ നിന്നും ചരക്ക് കൂലി ഈടാക്കുന്നതിനാൽ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാകുന്നില്ല. ആയതിനാൽ ഹോംകോയുമായി മരുന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ട് മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-14 പാലിയേറ്റീവ് പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ കാരുണ്യ ഫാർമസിയിൽ നിന്നും മരുന്ന് സമയത്ത് ലഭ്യമാകാത്തത് -തുടർനടപടികൾ കൈക്കൊള്ളുന്നതിൽ കാലതാമസം

മുൻവർഷങ്ങളിൽ കാരുണ്യ ഫാർമസിയിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പാലിയേറ്റീവ് പ്രോജക്ട് ഫണ്ട് നൽകിയിരുന്നുവെങ്കിലും ഇതുവരെ മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യമുള്ളതിനാൽ ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടെന്നും, ആയതിനാൽ 2017-18 സാമ്പത്തിക വർഷം കാരുണ്യ ഫാർമസിയിൽ നിന്നും മരുന്നുകൾ വാങ്ങാനായി മാറ്റിവച്ചിരിക്കുന്ന തുക പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം മാത്രം ചെലവാക്കിയാൽ മതിയെന്നും, 25/1/18-ൽ ചേർന്ന പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

31/8/17ൽ പഞ്ചായത്ത് ജനറൽ കമ്മിറ്റി, കാരുണ്യ ഫാർമസിയിൽ തുക അടച്ചിട്ടും ലഭ്യമാകാത്ത മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകാനും എന്നിട്ടും മരുന്ന് നൽകാത്ത സാഹചര്യമുണ്ടെങ്കിൽ, ഫാർമസിയ്ക്കെതിരെ RR നടപടികൾ കൈക്കൊള്ളാൻ നിർവഹണോദ്യഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ട് തീരുമാനിച്ചിട്ടുണ്ട്.

5/2/18ന് മെഡിക്കൽ ഓഫീസർ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ, 24/10/17ന് കാരുണ്യയിലേക്ക് മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും, തുടർനടപടികൾ ഇല്ലാത്തതിനാൽ RR നടപടികൾ നടത്തുന്നതിനും തുടർനടപടികൾ എടുക്കുന്നതിനുമായി പഞ്ചായത്ത് കമ്മിറ്റിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി തുടർ നടപടിയ്ക്ക് നിർവഹണോദ്യഗസ്ഥനെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനം എടുത്തിട്ടും, തുടർ നടപടി വൈകുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-15 പഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്നില്ല

പഞ്ചായത്ത് ഇൻഫർമേഷൻ സെന്ററിൽ പ്രവർത്തിക്കുന്ന വി.കെ.രാജൻ സ്മാരക ലൈബ്രറിയുടെ ഉദ്ഘാടനത്തിനായി തനത് ഫണ്ടിൽ നിന്ന് (വൗച്ചർ നമ്പർ-51700205-207/5.6.2017) 3002/- രൂപ ചെലവഴിച്ചിട്ടുണ്ട്. ലൈബ്രറി നിലവിൽ പ്രവർത്തിക്കുന്നില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി. ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 3474 പുസ്തകങ്ങൾ ലൈബ്രറിയിൽ ഉണ്ട്. ഇവ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിന് ലൈബ്രറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ജലനിധി-വാട്ടർ കുടിശ്ശിക-പഞ്ചായത്തിന് ബാദ്ധ്യത ആകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നമ്പർ-5/26.9.2018)

മാള മൾട്ടി ജി.പി. എന്ന പേരിൽ ജലനിധിയുടെ ശുദ്ധജല വിതരണ പദ്ധതി പഞ്ചായത്തിൽ 4.10.2013-ന് ആരംഭിച്ചു.

നാളിതുവരെ (ആഗസ്റ്റ് 2018 വരെ) 5,42,51544/- രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമായി ആഗസ്റ്റ് 2017 മുതൽ ഗുണഭോക്താക്കൾക്ക് കുടിവെള്ള വിതരണം ചെയ്തു തുടങ്ങി. എന്നാൽ ഔപചാരികമായ കമ്മീഷൻ നാളിതുവരെ നടത്തിയിട്ടില്ല. സെപ്തംബർ 2017 മുതൽ വാട്ടർ അതോറിറ്റി വാട്ടർ ബിൽ നൽകി തുടങ്ങിയിട്ടുണ്ട്.

പഞ്ചായത്തിൽ SLEC നേരിട്ട് 2220 കണക്ഷനും (26 Non Domestic Connection ഉൾപ്പെടെ) വാട്ടർ അതോറിറ്റിയിൽ നിന്ന് കൈമാറി കിട്ടിയ 1882 കണക്ഷനുകളും ഉണ്ട്.

വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും തമ്മിൽ കുടിവെള്ള വിതരണം വിതരണം, പരിപാലനം എന്നിവ സംബന്ധിച്ച് 11.1.2018 ൽ കരാർ ഒപ്പിട്ടു. ആയതു പ്രകാരം (close 3) ഗ്രാമ പഞ്ചായത്ത് കരാർ ഒപ്പുവച്ച് 6 മാസത്തിനകം വാട്ടർ അതോറിറ്റിയുടെ ആസ്തികൾ ഏറ്റെടുക്കണം. കരാറിലെ ഇനം 4.4 പ്രകാരം വാട്ടർ അതോറിറ്റി Rs.6/KL ന് ഗ്രാമപഞ്ചായത്തിന് വെള്ളം നൽകുന്നതാണ്. 4.9 പ്രകാരം ഓരോ മാസവും 10ാം തിയതിക്കുമുമ്പ് ബിൽ നൽകുകയും 30 ദിവസത്തിനകം പഞ്ചായത്ത് ബിൽ തുക അടവാക്കുകയും വേണം. 4.11 പ്രകാരം 2% പിഴ പലിശ 30 ദിവസത്തിനു ശേഷം അടവാക്കുന്ന ബില്ലിന്റെ കൂടെ നൽകുവാൻ പഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്. ഇനം 5.2 പ്രകാരം കരാറിനു 1 വർഷത്തിനു ശേഷം വിതരണ ലൈനിന്റെ പരിപാലനം, അറ്റകുറ്റപ്പണി എന്നിവ പഞ്ചായത്തിന്റെ ചുമതലയിലാണ്.

ഒക്ടോബർ 2017 മുതൽ വാട്ടർ അതോറിറ്റി നൽകിയ ബിൽ മുതൽ നാളിതുവരെ (9/18 വരെ) ബില്ലുകളിൽ പിഴ പലിശ ഉൾപ്പെട്ടിട്ടുണ്ട്. നാളിതുവരെയുള്ള ആകെ ബിൽ തുക (പിഴ പലിശ ഉൾപ്പെടെ) 5966520/- രൂപ ആണ്. എന്നാൽ SLEC നാളിതുവരെ ആകെ അടവാക്കിയത് 2250000/- രൂപ മാത്രമാണ്. 3/18 ലാണ് ആദ്യമായി തുക പഞ്ചായത്തിൽ അടവാക്കിയത്. പഞ്ചായത്ത് പ്രസ്തുത തുകകൾ വാട്ടർ അതോറിറ്റിക്ക് കാലതാമസമില്ലാതെ കൈമാറിയിട്ടുണ്ട്. പഞ്ചായത്ത് കൈമാറുന്ന ബില്ലുകളുടെ തുക 2 മാസം തുടർച്ചയായി SLEC പഞ്ചായത്തിന് നൽകാത്ത പക്ഷം പഞ്ചായത്ത് വിവരം കേരള വാട്ടർ അതോറിറ്റി ഡയറക്ടറെ രേഖാ മൂലം അറിയിക്കേണ്ടതാണെന്ന് SLEC-യും പഞ്ചായത്തും തമ്മിൽ ഒപ്പുവച്ച കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബില്ലുകൾ അടവാക്കുന്നതിനു വന്ന കാലതാമസം പഞ്ചായത്ത് രേഖാ മൂലം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടില്ല.

<u>കുടിശ്ശിക കാരണങ്ങൾ</u>

1. ഗുണഭോക്താക്കളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല.

2.കുടിശ്ശിക കൃത്യമായി കണക്കാക്കുന്നതിനുള്ള സംവിധാനം നിലവിൽ SLEC-ക്ക് ഇല്ല.

3. SLEC അംഗീകരിച്ച ബൈലോ പ്രകാരമുള്ള വാട്ടർ ചാർജ്ജും കുടിശ്ശികയും നാളിതുവരെ കൃത്യമായി ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്തിട്ടില്ല.

ഇവയാണ് മുഴുവൻ തുകയും പിരിച്ചെടുക്കാത്തതിനുള്ള കാരണമായി ചൂണ്ടിക്കാട്ടിയിട്ടുള്ളത്.

വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടത് ആത്യന്തികമായി ഗ്രാമ പഞ്ചായത്ത് ആയതിനാലും ബിൽ അയക്കുന്നത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആയതിനാലും കുടിശ്ശിക വന്നാൽ അത് പഞ്ചായത്തിന് ബാധ്യത ആയി തീരുന്നതാണ്. ആയതിനാൽ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യം മുൻ നിറുത്തി നിലവിൽ കുടിശ്ശികക്ക് കാരണമായി തീർന്ന വിഷയങ്ങൾ അടിയന്തിരമായി SLEC-യുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും കുടിശ്ശിക എത്രയും പെട്ടെന്ന് അടച്ചു തീർക്കുവാൻ SLEC ക്ക് പഞ്ചായത്ത് നിർദ്ദേശം നൽകേണ്ടതുമാണ്.

## 3-17 <u>ശുചിത്വ മിഷനിൽ നിന്നും ലഭ്യമായ തുകകൾ വിനിയോഗിച്ചിട്ടില്ല</u>

ബാലൻസ് ഷീറ്റിൽ (ഷെഡ്യൂൾ-B4)ൽ ശുചിത്വ മിഷൻ വിഹിതങ്ങൾ താഴെ പറയും പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്നു. ഏത് ആവശ്യത്തിലേക്കാണോ ശുചിത്വ മിഷൻ തുക ലഭ്യമാക്കിയത് ആയതിനായി വിനിയോഗിക്കേണ്ടതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| കോഡ് നമ്പർ | വിശദാംശം | തുക |
|---|---|---|
| 320100115 | ടിഎസ് സി | 156000 |
| 320300103 | „ | 84000 |
| 320200322 | „ | 21375 |

## 3-18 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ - കുറവ് നിരക്കിലുള്ള ടെണ്ടർ പരിഗണിച്ചില്ല

പ്രൊജക്ട് നമ്പർ- 190/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നമ്പർ-4/2018/30.1.2018

പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതിയിൽ 2 ടെണ്ടർ ലഭിച്ചതിൽ സഫാരി ട്രേഡിങ്ങ് കമ്പനി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ആണ് അംഗീകരിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത ടെണ്ടറിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത എ വൺ ബ്രാന്റ് (4000 രൂപ) സെലക്ട് ചെയ്യാതെ ഹീറോ നൈട ഇന്റഗ്ര (4360/- രൂപ) വാങ്ങിയതായി കാണുന്നു. എന്നാൽ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മറ്റി ടെണ്ടറുകൾ പരിശോധിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ വാങ്ങലുകൾ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലും ഇല്ല. ജനറൽ കമ്മറ്റിയിൽ സൂചിപ്പിച്ചിരിക്കുന്നത് ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിലും ടി സ്ഥാപനം തന്നെ കുറവ് ക്വാട്ട് ചെയ്ത ആയതിനാൽ പ്രസ്തുത ബ്രാന്റ് സെലക്ട് ചെയ്തു എന്നാണ്. ആയത് കുറവ് ക്വാട്ട് ചെയ്ത ബ്രാന്റ് വാങ്ങാത്തതിനുള്ള വ്യക്തമായ കാരണം അല്ല. കൂടാതെ ജനറൽ കമ്മറ്റിയിൽ എ വൺ ബ്രാന്റിന്റെ വില ടെണ്ടറിൽ കാണിച്ച വില അല്ല രേഖപ്പെടുത്തിയിരിക്കുന്നത്. ജി.ഒ.പി നമ്പർ-259/2010 /LSGD/8.11.2010 ആണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ. ആയതിലെ ഖ.4.2.2 പ്രകാരം ' The purchase committee is empowered to sanction purchase without any limit with the approval of the council' എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയത് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാക്കിയിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ക്ഷീരകർഷകർക്ക് സബ്സിഡി | 300000 | |
| | 2017-18 | 200000 | നെൽകൃഷി വികസനം | 200000 | |
| | 2017-18 | 100000 | അംഗൻവാടി പൂരക പോഷകാഹാരം പദ്ധതി | 100000 | |
| | 2017-18 | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 | |
| | 2017-18 | 125000 | ജൈവപച്ചക്കറി വികസനം | 125000 | |
| | 2017-18 | 450000 | പകൽവീട് | 279429 | 170571 |
| | 2017-18 | 50000 | പാലിയേറ്റീവ് കെയർ | 50000 | |
| ജില്ലാ | 2017-18 | 500000 | വള്ളകുളം | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 2017-18 | 156250 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 136850 | 19400 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ ലൈറ്റ് വലിക്കൽ | | 443730 | 0 | 443730 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്-

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/ തിയതി |
|---|---|---|---|---|
| 2016-17 | 2-3 | 1250 | എപ്പ്കോപ്പ് | 117030102198 തീ.28/9/2017 |
| “ | “ | 2500 | കള്ള് ഷാപ്പ് | 117030106594 തീ.26/03/2018 |
| “ | “ | 2500 | കള്ള് ഷാപ്പ് | 117030106596 തീ.26.03.2018 |
| “ | “ | 2500 | പുത്തൻചിറ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 117030101765 തീ.13.09.2017 |
| | | 2500 | കള്ള് ഷാപ്പ് | 117030106598 തീ.26.03.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമായില്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരങ്ങൾ ലഭ്യമല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരങ്ങൾ ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60632050.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61127137.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 1250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 443730 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 1250 | ------ഇല്ല------ | ശ്രീ.പ്രേമാനന്ദ്.സി.എം., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 443730 | ശ്രീ.പ്രേമാനന്ദ്.സി.എം., സെക്രട്ടറി |
| ആകെ | 443730 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ |
|---|
| -ഇല്ല- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡികകളുടെ വിവരം
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രേമാനന്ദ്.സി.എം., സെക്രട്ടറി | സെക്രട്ടറി, പുത്തൻചിറ | ചീരേപ്പറമ്പിൽ ഹൗസ്, പനങ്ങാട്, |

| | | |
|---|---|---|
| | പഞ്ചായത്ത് | എസ്.എൻ.പുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ടി.(പി.1)-366/12 തിയതി.01.03.12/ 02.05.12 |
| 75-76 | |
| 76-77 | |
| 78-79 | |
| 79-80 | |
| 80-81 | |
| 81-82 മുതൽ 91-92 വരെ | |
| 92-93, 93-94 | |
| 94-95, 95-96 | എൽ.എഫ്.ടി.(പി.1)366/12 തീയതി. 01.03.12 |
| 96-97 | |
| 97-98 | |
| 98-99 ചെലവ് | |
| 99-2000 ചെലവ് | |
| 2000-01, 01-02 (പ്ളാൻ) | |
| 2001-02 | |
| 2002-03 | എൽ.എഫ്.ടി.(പി.1)366/12 തീയതി. 01.03.12 |
| 98-99 വരവ് | |
| 99-2000 വരവ് | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 07-08 | എൽ.എഫ്.ടി(പി.12)-1813/10 തീ.14-10-10 |
| 08-09 | എൽ.എഫ്.ടി(പി.12)-1814/10 തീ.14-10-10 |
| 09-10 | എൽഎഫ്.ടി(പി12)-1815/10 തിയതി.4.10.11/3.11.11 |
| 10-11 | എൽഎഫ്.ടി(പി1)-1953/12 തിയതി.8.1.13/8.3.13 |
| 11-12 | എൽഎഫ്.ടി(പി1)-2579/13 തിയതി.9.1.14 |
| 12-13 | എൽഎഫ്.ടി(പി1)-1768/14 തിയതി.4.4.15/12.6.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. പി-1-1684/15 തീ.28-12-15/9-2-16 |
| 14-15 | കെ എസ് എ ടി എസ് ആർ പി1-1034/16/30.6.16 /28.7.16 |
| 15-16 | കെ എസ് എ ടി എസ് ആർ പി1-1985/16 തീ.14.11.20162 |
| 2016-17 | കെ.എസ്.എ-ടി.എസ്.ആർ.(പി1)1424/2017 തീയതി: 18.09.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ.(പി.1)1644/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
ഫോൺ- 0487 2331249
ഇ.മെയിൽ-dotsr.ksad@kerala.gov.in
തീയ്യതി:10/01/19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2017-18- വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം (AuditedAbstract) | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ